ഉത്തരം

(എ) ഉണ്ട്.

(ബി) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിന് മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലം മേയ് 2003 മുതൽ ലഭിക്കാത്തതുമൂലം ചിറ്റൂർ പ്രദേശത്ത് വരൾച്ച ഉണ്ടാവുകയും കൃഷിപ്പണിക്ക് ബുദ്ധിമുട്ടനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. കേരള ഷോളയാറിൽ ഏകദേശം 1 ടി.എം.സി. ജലം എല്ലാ മാസവും ലഭ്യമാക്കാനാണ് പറമ്പിക്കുളം ആളിയാർ പ്രോജക്ട് കരാറിലെ വ്യവസ്ഥ. എന്നാൽ ഈ ജലം യഥാസമയം ലഭ്യമാക്കാത്തതിനാൽ ചാലക്കുടി നദീതടത്തിലെ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫെബ്രുവരി 1-നും സെപ്റ്റംബർ ഒന്നിനും കേരള ഷോളയാറിലെ ജലനിരപ്പ് നിശ്ചിത ലെവലിൽ നിർത്താത്തതു കേരളത്തിന്റെ വൈദ്യുതോല്പാദനത്തെ ബാധിക്കുന്നുണ്ട്.

(സി) കരാർ പുനരവലോകന സമയത്ത് കേരളത്തിന് അർഹതപ്പെട്ട ജല ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളെടുക്കുന്നതാണ്.

അന്തർ സംസ്ഥാന നദീജലകരാറുകൾ റദ്ദ് ചെയ്യാത്തതിന്റെ കാരണം

104 [5869] ശ്രീ. കെ. സി. വേണുഗോപാൽ:
,, എം. മുരളി:
ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗപരിപാലനമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അയൽ സംസ്ഥാനങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള അന്തർ സംസ്ഥാന നദീജല കരാറോ മറ്റു വിധത്തിലുള്ള നദീജല കരാറോ ഒപ്പിട്ട തീയതി എന്നൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കരാറുകളുടെ കാലാവധി എത്രയാണ്;

(സി) നിയമ വ്യവസ്ഥകൾക്ക് അജ്ഞാതമായത്ര ദീർഘ കാലാവധി ഏതെങ്കിലും കരാറിൽ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ യാഥാർത്ഥ്യത്തെപ്പറ്റി ഗവൺമെന്റിന് എന്തെങ്കിലും സംശയമുണ്ടോ;

(ഇ) സ്വാതന്ത്ര്യത്തിന് മുമ്പുണ്ടാക്കിയ കരാർ എന്ന നിലയിൽ ഈ കരാറോ മറ്റേതെങ്കിലും കരാറോ അവസാനിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇതിന്റെ അടിസ്ഥാനത്തിൽ കരാർ അവസാനിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം നൽകുമോ;

(ഐ) കരാർ അവസാനിപ്പിക്കുന്നതിനോ റദ്ദുചെയ്യുന്നതിനോ തടസ്സമില്ലാത്തപക്ഷം അപ്രകാരം ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം അലിയാർ പദ്ധതി കരാർ -1970 മേയ് 29.

മുല്ലപ്പെരിയാർ പാട്ടക്കരാർ-1886 ഒക്ടോബർ 29.

ശിരുവാണി കുടിവെള്ള പദ്ധതി-1973 ആഗസ്റ്റ് 19.

(ബി) പറമ്പിക്കുളം അലിയാർ പദ്ധതി-കാലാവധി നിശ്ചയിച്ചിട്ടില്ല.

മുല്ലപ്പെരിയാർ കരാർ-999 വർഷം

ശിരുവാണി കുടിവെള്ള പദ്ധതി-99 വർഷം.

(സി) ഒരു കരാർ ഇത്ര കൊല്ലത്തെ കാലാവധി വച്ചു മാത്രമേ വയ്ക്കാവൂ എന്ന് നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥയില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) 1886-ലെ പെരിയാർ പാട്ടക്കരാറിന് 1970-ൽ ഒരു അനുബന്ധക്കരാറും ഭേദഗതിക്കരാറും ഉണ്ടാക്കിയതുകൊണ്ട് പെരിയാർ പാട്ടക്കരാറിന് ഇപ്പോഴും നിയമ സാധുതയുണ്ട് എന്നാണ് ലഭ്യമായ നിയമ ഉപദേശം.

(ജി) ഉണ്ട്.

(എച്ച്) ഇപ്പോഴും നിയമസാധുതയുള്ളതിനാൽ കരാർ ഏകപക്ഷീയമായി അവസാനിപ്പിക്കാൻ കഴിയുകയില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly